മാതൃഭൂമി

മാതൃഭൂമി
Palakkad
Aug 03, 2018

# പരിശീലനം തുടങ്ങി

**കോയമ്പത്തൂർ ▸** കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പുതിയ സംരംഭമായ ഹരിത വൈദഗ്ധ്യ വികസനപദ്ധതിയുടെ ഒരുമാസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിൽ സ്ഥിതിചെയ്യുന്ന എൻവിസ് കേന്ദ്രത്തിൽ തുടങ്ങി. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള 18 ഉദ്യോഗാർഥികളാണ് പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നത്.

വിത്തുപരിപാലനം, നഴ്സറി, ക്ലോണൽ വനവത്കരണം, നഴ്സറിയിലെ രോഗകീടബാധ നിയന്ത്രണം തുടങ്ങിയ വിഷയങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ ക്ലാസെടുക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. മോഹിത് ഗീര ഉദ്ഘാടനം ചെയ്തു. റിസർച്ച് കോ-ഓർഡിനേറ്റർ ഡോ. എസ്. മുരുകേശൻ, കൺസർവേറ്റർ രാജേഷ് ഗോപാലൻ, ഡോ. എ. വിജയരാഘവൻ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കണ്ണൻ വാര്യർ എന്നിവർ സംസാരിച്ചു.